Page 1 of 2

ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലത്തിലായി 50 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യകർഷകർക്ക് വായ്പ ലഭ്യമാകുന്ന കിസാൻ ക്രെഡിറ്റ് വായ്പാ പദ്ധതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാവിൽ (കേരള അക്വാ വെഞ്ചേഴ്സ് ഇന്റർ നാഷണൽ ലിമിറ്റഡ്) മുഖേന PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 300 ചെറുകിട യൂണിറ്റുകൾ, 50 ഇടത്തരം യൂണിറ്റുകൾ, 20 ഇന്റർഗ്രേറ്റഡ് യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി 18 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ചാത്തന്നൂർ മണ്ഡലത്തിലെ ചില്ലയ്ക്കലിൽ ഫിഷ് ലാന്റിംഗ് സെന്റർ

347(1093) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ ചില്ലയ്ക്കലിൽ നബാർഡിന്റെ സഹായത്തോടെ മത്സ്യബന്ധന വകുപ്പ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ നടപടികളിലെ പുരോഗതി വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ ചില്ലയ്ക്കലിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ, സി.ആർ.ഇസഡ്. സോണിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാകേണ്ടതുണ്ട്. ഇതുകൂടാതെ ടൗട്ടേ ചുഴലിക്കാറ്റുമൂലം പദ്ധതി പ്രദേശത്തെ തീരത്തുണ്ടായ മാറ്റം സംബന്ധിച്ചുള്ള മോഡൽ സ്റ്റഡി, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവയും നടത്തേണ്ടതായിട്ടുണ്ട്. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി

348(1094) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ Estuary River Training വർക്കിന്റെ EIA Study നടന്നുവരുന്നു. നിലവിൽ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രീകാളിഫിക്കേഷൻ ദർഘാസ് നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തിന് വടക്കും തെക്കും ഭാഗങ്ങളിൽ യഥാക്രമം 365 മീറ്റർ, 210 മീറ്റർ നീളത്തിൽ കടലിലേക്ക് 2 ഗ്രോയിൻ (Groyne) കളുടെ നിർമ്മാണവും കൂടാതെ, നദിയുടെ വടക്ക് ഭാഗത്ത് ഉള്ളിലേയ്ക്ക് 100 മീറ്റർ, തെക്ക് ഭാഗത്ത് ഉള്ളിലേയ്ക്ക് 95 മീറ്റർ, ചൂട്ടാട് ഭാഗത്ത് 500 മീറ്റർ എന്നിങ്ങനെ River Bank Protection പ്രവൃത്തികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

തലശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകൾ

349(1095) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം കഴിഞ്ഞ 6 മാസത്തിനുള്ളിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ തീരദേശ റോഡുകൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയുടെ നിലവിലുള്ള അവസ്ഥയെന്താണെന്നും ഫയൽ നമ്പർ അടക്കം വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർക്കാരിലേയ്ക്ക് സമർപ്പിച്ച്, ഭരണാനുമതി നൽകാത്ത തലശ്ശേരി നിയോജക മണ്ഡലത്തിലെ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അപാകതകൾ

350(1096) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അപാകതകൾ കാരണം തീരം കുറഞ്ഞുവരുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly